**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **07-02-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ-മുതുകുർശ്ശി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ-മുതുകുർശ്ശി-ആനമങ്ങാട് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കരാറിൽ പറഞ്ഞിരിക്കുന്ന സമയ പരിധി എന്നാണ് അവസാനിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ മണലായ - മുതുകുറുശ്ശി - ആനമങ്ങാട് റോഡ് പ്രവൃത്തിപൂർത്തീകരിക്കുന്നതിനായി കരാറിൽ പറഞ്ഞിരിക്കുന്ന സമയപരിധി അവസാനിച്ചത് 10/03/2021 -നാണ്. 15/05/2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 28/02/2023 വരെ ദീർഘിപ്പിച്ച നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി അനന്തമായി നീളുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ഈ റോഡിന്റെ കി.മീ 0/000 മുതൽ 2/000 വരെ വലതു ഭാഗം കെ.ഐ. ഐ.എഫ്..ബി രാമഞ്ചാടി അലിഗഡ് കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള റെസ്റ്റൊറേഷൻ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. ഇടതു ഭാഗത്ത് ജെ.ജെ.എം ന്റെ റെസ്റ്റൊറേഷൻ പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ടി.എസ് ലഭ്യമാക്കി നിലവിലെ കരാറുകാരനെ കൊണ്ട് റെസ്റ്റൊറേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വലത് ഭാഗത്ത് വീണ്ടും ജെ.ജെ.എം ന്റെ പൈപ്പ് ലൈൻ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ റെസ്റ്റൊറേഷൻ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി ചെയ്യാനുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (സി) | റെസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബി.എം.& ബി.സി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ